കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് - ഐ.സി.ഡി.എസ് - തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ജോലി രാജിവച്ച അംഗൻവാടി ജീവനക്കാർക്ക് പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ(എം.എസ്) നം.42/2011/സാക്ഷേവ                    തീയതി, തിരുവനന്തപുരം,31.08.2011

---

പരാമർശം :- (1) അംഗൻവാടി ജീവനക്കാരുടെ സംഘടനകൾ സർക്കാരിന് സമർപ്പിച്ച നിവേദനങ്ങൾ.

(2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 31.5.2011 ലെ ഐ.സി.ഡി.എസ്. എ3 -49518/11 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് 2010-ൽ നടന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ജോലി രാജി വച്ച അംഗൻവാടി ജീവനക്കാർക്ക് പുനർ നിയമനം നൽകണമെന്ന് സൂചന (1) പ്രകാരം ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ജോലി രാജി വച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിച്ച അംഗൻവാടി ജീവനക്കാർക്ക് പുനർ നിയമനം നൽകാൻ തീരുമാനിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) അംഗൻവാടിയിലെ ജോലി രാജിവച്ച് 2010-ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ മത്സരിച്ച മുഴുവൻ അംഗൻവാടി ജീവനക്കാർക്കും പുനർനിയമനം നൽകുന്നതാണ്.

(2) തെരഞ്ഞെടുപ്പിൽ മത്സരിച്ചു തോറ്റ 46 അംഗൻവാടി വർക്കർമാർക്കും 24 ഹെൽപ്പർമാർക്കും അവർ ജോലി ചെയ്തിരുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തെ അംഗൻവാടികളിൽ നിലവിലുള്ള ഒഴിവിൽ ഉടൻ നിയമനം നൽകുന്നതാണ്.

(3) അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ അംഗൻവാടികളിൽ മുഴുവൻ പേർക്കും നിയമനം നൽകാൻ നിലവിൽ ഒഴിവില്ലെങ്കിൽ നിലവിലുള്ള ഒഴിവിൽ സീനിയോരിറ്റി അനുസരിച്ച് പുനർ നിയമനം നടത്തുന്നതും ബാക്കിയുള്ളവർക്ക് ഇനി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതുമാണ്.

(4) തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചവർക്ക് അവരുടെ അംഗത്വ കാലാവധി തീരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

2. ഈ ഉത്തരവ് പ്രകാരം പുനർ നിയമനം നൽകുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടർ നടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ശാരദാ മുരളീധരൻ
സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻ ഡയറക്ടർക്ക്.
ധനവകുപ്പ് ( 26.8.2011 ലെ 60928/ഡബ്ല്യു. ഡബ്ല്യു.2/2011/ഫിൻ നമ്പർ കുറിപ്പു പ്രകാരം
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
സാമൂഹ്യക്ഷേമ സെക്രട്ടറിയുടെ സി.എയ്ക്ക്.
സാമൂഹ്യക്ഷേമ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ: ICDS/A3-21564/11 തീയതി: 26-09-2011

ഉത്തരവിന്റെ പകർപ്പ് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും അയയ്ക്കുന്നു. പ്രോഗ്രാം ഓഫീസർമാർ ബന്ധപ്പെട്ട CDPO മാർക്ക് പകർപ്പ് നൽകേണ്ടതാണ്. CDPO മാർ ഇതു സംബന്ധിച്ച് ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിച്ച്, സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

N. Jeendasan
സാമൂഹ്യക്ഷേമ ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.